കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ

15(*285) ശ്രീ. എം. ഹംസ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കാർഷികവൃത്തി ആദായകരമാക്കുന്നതിനും കൂടുതൽ പേരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും സർക്കാർ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

(ഡി) നെൽകൃഷിക്കാർക്കായി സർക്കാർ ആവിഷ്കരിച്ച ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ ; എത്ര കർഷകർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര മുന്നേറ്റത്തിനുമായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്/നടപ്പിലാക്കിവരുന്നു.

(എ) നെല്ല് :

1. ഭക്ഷ്യസുരക്ഷാ പദ്ധതി
2. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി
3. പലിശരഹിത വായ്പ
4. നെല്ല് സംഭരണം, റൈസ് മില്ലുകൾ
5. നെൽകൃഷി ഇൻഷ്വറൻസ്
6. പാഡി ബോർഡ് രൂപീകരണം
7. നെൽകർഷകർക്ക് ഗ്രീൻ കാർഡ്
8. നെൽവയൽ നീർത്തട സംരക്ഷണ നിയമം
9. തരിശുഭൂമി കൃഷി
10. കരനെല്ല് കൃഷി

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരകൃഷി :

1. നാളികേര വികസനത്തിനായി പ്രത്യേക കേരശ്രീ പദ്ധതി
2. കൂമ്പു ചീയൽ നിയന്ത്രണത്തിന് പ്രത്യേക പാക്കേജ്
3. തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി
4. കേന്ദ്രാവിഷ്കൃത തെങ്ങ് കൃഷി സംയോജിത പദ്ധതി
5. കൊപ്ര, പച്ചതേങ്ങ സംഭരണം
6. കേര ഇൻഷ്വറൻസ് പദ്ധതി

(സി) പച്ചക്കറി കൃഷി :

1. ഹരിതശ്രീ പദ്ധതി
2. വിലക്കയറ്റം തടയാൻ ഓണ വിപണിയും ഗ്രാമീണ വിപണിയും കിറ്റ് വിതരണവും
3. ആയിരം പച്ചക്കറി ഗ്രാമങ്ങൾ
4. നൂറ് വിദ്യാലയങ്ങളിലും നഗരങ്ങളിൽ 2 സെന്റിലും കൃഷി ചെയ്യാൻ 25000 യൂണിറ്റുകൾ ആരംഭിച്ചു.
5. 25 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്തു. ടെറസ് കൃഷി, വിദ്യാലയങ്ങളിലെ കൃഷി എന്നിവ വിപുലീകരിച്ചു.

(ഡി) കർഷകപക്ഷ പ്രവർത്തനങ്ങൾ :

1. കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു.
2. ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് 50,000 രൂപ നിരക്കിൽ സമാശ്വാസ സഹായം നൽകി.
3. വിദർഭ മോഡൽ പാക്കേജിനായി മൂന്ന് ജില്ലകളിൽ 113.64 കോടി രൂപ നൽകി.
4. നെല്ല് കർഷകർക്ക് പെൻഷൻ-കിസാൻ അഭിമാൻ
5. അഞ്ചുലക്ഷം പേർക്ക് സൗജന്യ 'കിസാൻ ശ്രീ' ഇൻഷ്വറൻസ് പദ്ധതി.
6. കർഷക ഭവനം സ്ഥാപിച്ചു.
7. നെല്ലിയാമ്പതിയിൽ നാഷണൽ ഹോർട്ടികൾച്ചർ ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചു.
8. കാർഷിക ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

9. കർഷകർക്കായി ടോൾ ഫ്രീ ടെലിഫോൺ (18004254718)

10. കൃഷി അറിവ് പ്രായോഗികതലത്തിൽ എത്തിക്കുവാൻ 'സമേതി' ഇൻസ്റ്റിറ്റ്യൂട്ട്

11. 4 വർഷമായി മുടങ്ങിക്കിടന്ന കാർഷിക അവാർഡുകൾ നല്കി.

12. ധന്വന്തരി ഗ്രാമം, ഹരിതയോരം, ഫലശ്രീ എന്നീ നൂതന പദ്ധതികൾ നടപ്പിലാക്കി.

13. സംസ്ഥാന കാർഷികോത്സവം, ഹണിഫെസ്റ്റ്, മാംഗോഫെസ്റ്റ്, അരിശ്രീ-നെൽകർഷകരുടെ സംഗമം, ഹോർട്ടി എക്സ്പോ, എന്നിവ സംഘടിപ്പിക്കുകയും ജന പങ്കാളിത്തം കൊണ്ട് ഏറെ ശ്രദ്ധേയമാകുകയും ചെയ്തു.

14. സീഡ് അതോറിറ്റി മുഖേന കർഷകർക്ക് യഥാസമയത്ത് നല്ല വിത്ത് വിതരണം ചെയ്തു.

(ബി) സമഗ്രവും, സുതാര്യവും, ജനകീയവും, കൂട്ടായ്മകളിലധിഷ്ഠിതവുമായ ഒരു കാർഷിക വികസന തന്ത്രത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞ പദ്ധതികളുടെ നടത്തിപ്പിലൂടെ യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കടബാദ്ധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനുള്ള അധികാരം ഉള്ളതും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സർക്കാർ രൂപീകരിക്കുകയുണ്ടായി. കമ്മീഷനിൽ നിന്നും ലഭ്യമായ അന്തിമ ഉത്തരവുകൾപ്രകാരം 31-1-2011 വരെ 33.79 കോടി രൂപ കടാശ്വാസമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. 24,795 കർഷകർക്ക് കടാശ്വാസം അനുവദിക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ ശിപാർശ പ്രകാരം വയനാട് ജില്ലയിലെ ഒരേക്കർ വരെ കൃഷിഭൂമിയുള്ള കർഷകരുടെ സഹകരണ ബാങ്കുകളിലെ/ സംഘങ്ങളിലെ 25000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത ഏറ്റെടുത്ത് 14.38 കോടി രൂപ കടാശ്വാസം അനുവദിച്ചതിലൂടെ 32472 കർഷക അക്കൗണ്ടുകളിന്മേൽ കടാശ്വാസം അനുവദിച്ചിട്ടുണ്ട്. കാർഷിക മേഖലയെ ചൂഴ്ന്ന് നിന്നിരുന്ന വലിയൊരു ദുരന്തം കർഷക ആത്മഹത്യകളായിരുന്നു. കാർഷിക കടങ്ങളിന്മേൽ കടാശ്വാസം അനുവദിക്കുകയും കർഷകപക്ഷ പദ്ധതികൾ നടപ്പാക്കുകയും ചെയ്തതുവഴി സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ ഇല്ലാതായിക്കഴിഞ്ഞു. കാർഷിക കടങ്ങളിന്മേൽ കടാശ്വാസം അനുവദിച്ചതുമൂലം കർഷകർക്ക് വീണ്ടും കാർഷിക മേഖലയിൽ സജീവമായി ഇടപെടുന്നതിന് സാധിക്കുകയും ഈ മേഖലയിൽ പുത്തൻ ഉണർവ് പകരാൻ സാധിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നെൽകർഷകർക്ക് മാത്രമായി 5 കോടി രൂപയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓരോ കർഷകനും ഹെക്ടറിന് 100 രൂപ പ്രീമിയം നൽകി അംഗമാകുകയും നഷ്ടം വരുന്ന സമയങ്ങളിൽ ഹെക്ടറിന് 12,500 രൂപ നൽകുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13696 നെൽകർഷകർക്ക് ഇപ്പോൾ പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷന്റെ ആധുനികവൽക്കരണം

16(*286) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷന്റെ ആധുനികവൽക്കരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടോ ; 2006-07 മുതലുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) കോർപ്പറേഷനിൽ പുതുതായി എത്ര തൊഴിലാളികളെ ഈ കാലയളവിൽ റിക്രൂട്ട് ചെയ്തു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കോർപ്പറേഷൻ പുതുതായി മാർക്കറ്റിൽ ഇറക്കിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി നേടാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) കാപ്പെക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) കാപ്പെക്സിന്റെ ഉല്പാദനരംഗത്ത് എത്ര മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) സംസ്ഥാനത്ത് കശുവണ്ടി വികസന കോർപ്പറേഷന്റെ ആധുനിക വൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. കോർപ്പറേഷന്റെ ബാങ്ക് ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുത്തതിന്റെ മൂന്നാമത്തെ ഇൻസ്റ്റാൾമെന്റ് നൽകുന്നതിനായി സർക്കാർ 22.32 കോടി രൂപ 2006-07 വർഷം നൽകി.

LIBRARY ARCHIVES Kerala Legislative Assembly